നം.എ2–1731/18/താ.ആ.ഫോ.

താലൂക്കാശുപത്രി–ഫോർട്ട്,

തിരുവനന്തപുരം, തീയതി.14.01.2019.

## ടെണ്ടർ നോട്ടീസ്

കായകൽപ്പ് പ്രോഗ്രാം നിഷ്ക്കർഷിക്കുന്ന രീതിയിൽ ഈ ആശുപത്രിയിലെ താഴെ പറയുന്ന വാർഡുകളും , കെട്ടിടങ്ങളും ഇടനാഴികളും ദിവസേന ശുചീകരിക്കുന്നതിന് സ്ക്വയർ മീറ്റർ നിരക്കിൽ. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. (മെറ്റരിയൽസ് ഉൾപ്പെടെ).

| | | |
|---|---|---|
| 1. ഫാർമസി ഉൾപ്പെടെയുള്ള ഒ.പി.ബ്ലോക്ക് മുഴുവനും | – | 491 മീറ്റർ സ്ക്വയർ (ഫാർമസി മാത്രം 130 സ്ക്വയർ മീറ്റർ) |
| 2. സ്ത്രീകളുടെ വാർഡ് | – | 196 മീറ്റർ സ്ക്വയർ |
| 3. ജനറൽ മെയിൽ വാർഡ് | – | 307 മീറ്റർ സ്ക്വയർ |
| **ആകെ ഏര്യ** | – | **994 മീറ്റർ സ്ക്വയർ** |

1. ത്രീ ബക്കറ്റ് സിസ്റ്റം അനുസരിച്ച് എല്ലാ വാർഡുകളും ഒ.പി.കാഷ്വാലിറ്റി ബ്ലോക്കും ദിവസേന 3 തവണ ക്ലോറിൻ സൊലൂഷൻ ഉപയോഗിച്ച് (ആവശ്യമെങ്കിൽ ഡിറ്റർജന്റും, അണുനാശിനികളും കൂടി ഉപയോഗിക്കുക) തുടയ്ക്കുക.
2. മെത്ത, ബെഡ്സൈഡ് ലോക്കർ, ഫർണിച്ചർ, ഐ.വി.സ്റ്റാന്റ്, അലമാര മുതലായവ ദിവസേന ഒരു തവണ തുടച്ച് വൃത്തിയാക്കുക.
3. ഇടനാഴി, ഫാർമസി എന്നിവ ദിവസേന രണ്ടു തവണ തുടച്ചു വൃത്തിയാക്കുക.
4. എല്ലാ ഞായറാഴ്ചയും എല്ലാ വാർഡുകളും കാഷ്വാലിറ്റി ഒ.പി.ബ്ലോക്കും , ഫാർമസിയും (തറ, ചുമര്, ഫർണിച്ചർ, ഫിക്സചറുകൾ) നല്ലവണ്ണം കഴുകി വൃത്തിയാക്കുക.
5. ടോയ്‌ലറ്റ് നാലു തവണ കഴുകി വൃത്തിയാക്കുക
6. മേൽക്കൂര, ഫാനുകൾ മുതലായവ മാസത്തിലൊരുതവണ തുടച്ചു വൃത്തിയാക്കുക.

ഇതിനുപരിയായി ആശുപത്രിയിൽ ക്ലീനിംഗ് ജോലിക്കാരുടെ ഒഴിവ് നിലനിൽക്കുന്നതിനാൽ ഇവ നികത്തുന്നതുവരെ താഴെ പറയുന്ന സ്ഥലങ്ങൾ കൂടി മേൽപ്പറഞ്ഞ രീതിയിൽ വൃത്തിയാക്കുന്നതിനുള്ള സ്ക്വയർ മീറ്റർ റേറ്റ് നൽകേണ്ടതാണ് (മെറ്റീരിയൽസ് ഉൾപ്പെടെ).

| | | |
|---|---|---|
| 1. ഓക്സിജൻ പ്ലാന്റ് | – | 46 സ്ക്വയർ മീറ്റർ |
| 2. ലാബോറട്ടറി | – | 70 മീറ്റർ സ്ക്വയർ |
| 3. പി.പി.യൂണിറ്റ് & ഡെന്റൽ യൂണിറ്റ് | – | 98.40 മീറ്റർ സ്ക്വയർ |
| **ആകെ ഏര്യ** | – | **214.40 മീറ്റർ സ്ക്വയർ** |

1. ത്രീ ബക്കറ്റ് സിസ്റ്റം അനുസരിച്ച് ലാബോറട്ടറി, പി.പി.യൂണിറ്റ്, ഡെന്റൽ ഒ.പി. ദിവസേന 3 തവണ ക്ലോറിൻ സൊലൂഷൻ ഉപയോഗിച്ച് (ആവശ്യമെങ്കിൽ ഡിറ്റർജന്റും, അണുനാശിനികളും കൂടി ഉപയോഗിക്കുക) തുടയ്ക്കുക.
2. മെത്ത്, ബെഡ്സൈഡ് ലോക്കർ, ഫർണിച്ചർ, ഐ.വി.സ്റ്റാന്റ്, അലമാര മുതലായവ ദിവസേന ഒരു തവണ തുടച്ച് വൃത്തിയാക്കുക.
3. എല്ലാ ഞായറാഴ്ചയും ലാബോറട്ടറി , പി.പി..യൂണിറ്റ്, ഡെന്റൽ ഒ.പി., തറ , ചുമര്, ഫർണിച്ചർ, ഫിക്സ്ചറുകൾ എന്നിവ നല്ലവണ്ണം കഴുകി വൃത്തിയാക്കുക.
4. എല്ലാ ഞായറാഴ്ചയും ഓക്സിജൻ പ്ലാന്റ് വൃത്തിയാക്കുക
5. ടോയ്ലറ്റ് ദിവസേന നാലു തവണ കഴുകി വൃത്തിയാക്കുക.
6. മേൽക്കൂര, ഫാനുകൾ മുതലായവ മാസത്തിലൊരു തവണ തുടച്ചു വൃത്തിയാക്കുക.

**എസ്റ്റിമേറ്റ് തുക- 3,00,000/- രൂപ**

**(പെർഫോർമൻസ് സെക്യൂരിറ്റി - എസ്റ്റിമേറ്റ് തുകയുടെ 5%)**

**ടെണ്ടർ നം-05/2018/താ.ആ.ഫോ.**

**ടെണ്ടർ ഫോർമിന്റെ വില = 900+12% ജി.എസ്.റ്റി**

**നിരത ദ്രവ്യം-4500/- രൂപ (ക്യാഷ് / ഡി.ഡി)**

**ടെണ്ടർ ഫോറം വിൽക്കുന്ന അവസാന തീയതി** - 31.01.2019 4 പി.എം.

**ടെണ്ടറുകൾ സ്വീകരിക്കുന്ന അവസാന തീയതി** - 01.02.2019 1 പി.എം.

**ടെണ്ടറുകൾ തുറക്കുന്ന തീയതി** - 02.02.2019 11 എ.എം.

ആശുപത്രിയിൽ അഡ്മിറ്റായ രോഗികൾ ഒ.പി.യിലെ രോഗികൾ, ജീവനക്കാർ എന്നിവർക്ക് യാതൊരു വിധത്തിലുമുള്ള അസൗകര്യങ്ങൾ ഉണ്ടാക്കാതെയും, ആശുപത്രിയിലെ ഉപകരണങ്ങൾ , സാധന സാമഗ്രികൾ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കാതെയും വേണം ക്ലീനിംഗ് നടത്തുവാൻ. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ ഉചിതമായ നഷ്ടപരിഹാരം ഈടാക്കുവാൻ സൂപ്രണ്ടിന് അധികാരം ഉണ്ടായിരിക്കുന്നതാണ്. (ഇതു സംബന്ധിച്ച ധാരണാ പത്രം കരാർ ഉറപ്പിയ്ക്കുമ്പോൾ നൽകേണ്ടതാണ്).

ടെണ്ടറുകൾ 02.02.2019 രാവിലെ 11 മണിയ്ക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തികളുടേയോ അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടേയോ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ തുറക്കുന്നതും ഏറ്റവും കുറഞ്ഞ തുക നൽകിയിരിക്കുന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്ഥിരപ്പെടുത്തുന്നതുമാണ്. ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ വർക്ക് ഓർഡർ കൈപ്പറ്റി ഒരാഴ്ചയ്ക്കകം ക്ലീനിംഗ് പ്രവൃത്തികൾ തുടങ്ങേണ്ടതും എല്ലാ ദിവസവും ക്ലീനിംഗ് ചെയ്തതായിട്ടുള്ള രേഖ (നഴ്സിംഗ് സൂപ്രണ്ടിന്റെ സർട്ടിഫിക്കറ്റ് സഹിതം) ഉൾപ്പെടെ മാസാമാസം ബിൽ സമർപ്പിക്കേണ്ടതുമാണ്. ക്ലീനിംഗ്

സാധനങ്ങളുടെ ഗുണനിലവാരം നഴ്സിംഗ് സൂപ്രണ്ടിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട മറ്റ് ജോലികളും കരാറുകാർ ചെയ്യേണ്ടതാണ്.

ടെണ്ടർ നമ്പരും തീയതിയും കവറിന് മുകളിൽ രേഖപ്പെടുത്തി സൂപ്രണ്ട്, താലൂക്കാശുപത്രി ഫോർട്ട്, തിരുവനന്തപുരത്തിന്റെ വിലാസത്തിൽ നൽകേണ്ടതാണ്. ഏത് കാരണത്താലും ടെണ്ടറുകൾ നിരസിക്കാനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമാണ്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ആഫീസ് പ്രവർത്തന സമയത്ത് ഈ ആഫീസിൽ നിന്നും ലഭ്യമാണ്.

തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനം ക്വോട്ട് ചെയ്യുന്ന തുകയുടെ 5% പെർഫോർമൻസ് സെക്യൂരിറ്റി ആയി നൽകേണ്ടതാണ്.

ഡോ.അജയ് മോഹൻ.ജി.

സൂപ്രണ്ട്

സ്വീകർത്താവ്

നോട്ടീസ് ബോർഡ്

പകർപ്പ്:-

1.ആരോഗ്യവകുപ്പ് ഡയറക്ടർ , തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

2.ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), തിരുവനന്തപുരം

3. ഡയറക്ടർ, പി. ആർ.ഡി..

4.സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി/ജനറൽ ആശുപത്രി തിരുവനന്തപുരം/ ഡബ്ല്യൂ & സി.എച്ച്./മാനസികാരോഗ്യകേന്ദ്രം- തിരുവനന്തപുരം ജില്ലാ മാതൃകാ ആശുപത്രി പേരൂർക്കട..

5.ഫയൽ/കരുതൽ ഫയൽ